കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.1)127/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
e-mail.id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249

തീയതി : 04.04.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഉപഖണ്ഡിക 9, 2, 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.1)127/2019 തിയ്യതി : 04.04.2019

**<u>തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )**

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.06.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ<br>19.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.പ്രശാന്ത്.ടി.ജി,<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സിനിലാൽ.എം.ജി,<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ |

| **<u>(ബി)നിർവ്വഹണാധികാരികൾ</u>** | | |
|---|---|---|
| പ്രസിഡന്റ് | പി.സി. ശ്രീദേവി | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ടി.ജി.അഭിജിത്ത് | 01.04.2017 മുതൽ 03.05.2017 വരെ |
| | ശ്രീമതി.ജോളി വിജയൻ (ഇൻ-ചാർജ്ജ്) | 04.05.2017 മുതൽ 31.03.2018 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.വി.ആർ.നരേന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസനഓഫീസർ | ശ്രീമതി.വി.പ്രബിത | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.എം.കെ.സജീവ് | 01.04.2017 മുതൽ 16.09.2017 വരെ |
| | ശ്രീ.ജോയ് മുരിങ്ങത്തേരി | 16.09.2017 മുതൽ 13.11.2017FN വരെ |
| | ശ്രീ.ബൽഗീസ്.എം | 13.11.2017 മുതൽ 13.11.2017AN വരെ |
| | ശ്രീ.ജോയ് മുരിങ്ങത്തേരി | 14.11.2017 മുതൽ 21.11.2017 വരെ |
| | ശ്രീ.ബൽഗീസ്.എം | 21.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സന്ദീപ്.സി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സിത്താര രവീന്ദ്രൻ | 01.04.2017 മുതൽ 17.07.2017FN വരെ |
| | ഡോ.മിനി.പി.എം | 17.07.2017 മുതൽ 31.03.2018 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.സിനി.കെ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ലത മേനോൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ബ്ലോക്ക് ക്ഷീരവികസന ഓഫീസർ | ശ്രീ. രതീഷ് ബാബു | 01.04.2017മുതൽ 14.06.2017വരെ |
| | ശ്രീമതി.നന്ദിനി.ടി | 15.06.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |

| | | |
|---|---|---|
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| | ഭാഗം 2 | |
| 11 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-1 |
| 12 | ടെണ്ടർ ഫീസ് മുഴുവനും ലഭ്യമായില്ല | 2-2 |
| | ഭാഗം 3 | |
| 13 | ലൈഫ് പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിക്കണം. | 3-1 |
| 14 | ലൈഫ് ഒന്നാം ഘട്ടം - ഐ.എ.വൈ ഭവനങ്ങളുടെ പൂർത്തീകരണം-ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹം-പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. | 3-2 |
| 15 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ മോട്ടോർ വാങ്ങൽ പദ്ധതി- സംബന്ധിച്ച്. | 3-3 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച് | 3-4 |
| 17 | പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-5 |
| 18 | ചെലവ് രേഖ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 19 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-7 |
| 20 | കേരളോത്സവം 2017 – അനുവദനീയമായതിലും കൂടുതൽ തുക ചെലവഴിച്ചു | 3-8 |
| 21 | തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുക റീക്കൂപ്പ് ചെയ്യേണ്ടതാണ് | 3-9 |
| 22 | സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ പട്ടികയിൽ പരാമർശിച്ച രേഖ ഹാജരാക്കേണ്ടതാണ്. | 3-10 |
| 23 | കമ്പ്യൂട്ടർ വാങ്ങൽ-- ടെണ്ടർ നടപടികളിൽ സൂക്ഷ്മത പുലർത്തേണ്ടതാണ് | 3-11 |
| 24 | വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല | 3-12 |
| 25 | സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-13 |
| 26 | മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-14 |
| 27 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല | 3-15 |
| 28 | മോണിറ്ററിംഗ് നടത്തിയിട്ടില്ല | 3-16 |
| 29 | നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല | 3-17 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃതറിപ്പോർട്ടിലേക്ക് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 39 | അനുബന്ധം-1 | |
| 40 | അനുബന്ധം-2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ് 20,30,38,000/-രൂപയും, പ്രതീക്ഷിത ചെലവ് 20,12,47,021/-രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 25.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14.09.2018, 15.09.2018 | ടി.എസ്.ആർ ഇ3/1517/18 തീയതി 15.10.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,87,22,716 |
| വരവ് | 6,40,04,545 |
| ആകെ | 8,27,27,261 |
| ചെലവ് | 6,95,94,172 |
| നീക്കിയിരിപ്പ് | 1,31,33,089 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23379493 | 23379493 | 23379493 | |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 13739000 | 13739000 | 13739000 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 11000 | 11000 | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 2978000 | 2978000 | 2978000 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - ടി.എസ്.സി | | 2135206 | 90216 | 2225422 | 14910 | 2210512 |
| ഐ.എ.വൈ(Admin) | | 24597 | 315 | 24912 | 18906 | 6006 |
| ഐ.എ.വൈ (Central share) | | 965 | 37523 | 38488 | 38488 | 0 |
| PYCKA | | 270000 | - | 270000 | - | 270000 |
| SAGY | | - | 50000 | 50000 | - | 50000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| വിമുക്തി | | 25000 | - | 25000 | 17800 | 7200 |
| ട്രേഡ് ഫെയർ | | 393 | - | 393 | 393 | - |
| IAY (State Share) | | 1025725 | - | 1025725 | 909873 | 115852 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമപഞ്ചായത്ത് | 3173064 | 2719638 | 5892702 | 4191451 | 1701251 |
| | ജില്ലാ പഞ്ചായത്ത് | 3878190 | 15296370 | 19174560 | 12437290 | 6737270 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (കോ-ഓപ്പറേറ്റിവ് ബാങ്ക്) | 84487 | 799962 | 884449 | 692240 | 192209 |
| | ട്രഷറി അക്കൗണ്ട് | 4282358 | 3889407 | 8171765 | 7788600 | 383165 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 80 | 7,26,26,923 | 55 | 4,04,80,599 | 23 | 2 | 68.75 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-01-2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-11-18 മുതൽ 15-11-18 വരെ | 2017-18 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-02-17 മുതൽ 25-02-17 വരെ | 2015-2016 | ലഭ്യമായിട്ടില്ല |

# 1-9 ആഭ്യന്തരനിയന്ത്രണം

ബജറ്റിംഗ് മുതൽ പദ്ധതി നിർവ്വഹണവും, മോണിറ്ററിംഗും വരെയുള്ള കാര്യങ്ങളിൽ ആഭ്യന്തര നിയന്ത്രണം ദുർബ്ബലമാണ് എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

മതിയായ സ്ഥിതിവിവരകണക്കുകളുടെയും വ്യക്തമായ മുന്നാലോചനയുടെയും അടിസ്ഥാനത്തിലോ, ബജറ്റ് നിർമ്മാണ ചട്ടങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടിട്ടോ അല്ല ബജറ്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. 17-18 ൽ മതിപ്പ് വരവ് ചെലവ് യഥാക്രമം 20.38 കോടി രൂപയും 20.12 കോടി രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് ചെലവ് യഥാക്രമം 6.4 കോടി രൂപയും 6.95 കോടി രൂപയുമാണ്. യഥാർത്ഥ വരവ് ചെലവിന്റെ മൂന്നിരട്ടിയിലധികമാണ് മതിപ്പ് കണക്കാക്കിയിട്ടുള്ളത്. യാതൊരു ശാസ്ത്രീയ മാനദണ്ഡങ്ങളും പാലിക്കാത്തതു കൊണ്ടാണ് ഈ വലിയ അന്തരം സംഭവിച്ചിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയാണ് ബജറ്റ് എന്നിരിക്കെ, ഈ അവസ്ഥ ആഭ്യന്തര നിയന്തരണത്തിൽ ഏറ്റവും പ്രധാനമായ ധനകാര്യ മാനേജ്മെന്റിനെ മൊത്തത്തിൽ ദുർബലപ്പെടുത്തുന്നുണ്ട്.

വാർഷിക ധനകാര്യ പത്രികകൾ തമ്മിലും, പത്രികകളും അനുബന്ധ രജിസ്റ്ററുകളും തമ്മിലും പൊരുത്തമില്ലാത്തതും (ഖണ്ഡിക 1.10) ആഭ്യന്തര നിയന്ത്രണത്തെ ദുർബലപ്പെടുത്തുന്ന മറ്റൊരു സൂചകമാണ്. വാങ്ങൽ നടപടിക്രമങ്ങളിലെ അച്ചടക്കമില്ലായ്മ (ഖണ്ഡിക 3.3, 3.11), ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ (ഖണ്ഡിക3.5), ചെലവു രേഖകൾ ഹാജരാക്കാത്തത് (ഖണ്ഡിക 3.6, 3.10) അനുവദനീയമായതിലുമധികം തുക ചെലവഴിക്കൽ (ഖണ്ഡിക 3.8) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാതിരിക്കൽ (ഖണ്ഡിക 3.4) മുൻകൂർ യഥാകാലം തിരിച്ചു പിടിക്കാതിരിക്കൽ (ഖണ്ഡിക 3.9) സർക്കാർ ഉത്തരവ് പാലിക്കുന്നതിലെ പോരായ്മകൾ (ഖണ്ഡിക 3.13) രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ (ഖണ്ഡിക 3.4) ശരിയായ മോണിറ്ററിങ്ങിന്റെ അഭാവം തുടങ്ങി ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മകളുടെ നിരവധി സൂചകങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ ഈ റിപ്പോർട്ടിലൂടെ കൊണ്ടുവരുന്നുണ്ട്. ആയവ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ ഉത്തരവാദപ്പെട്ടവർ കൈക്കൊള്ളേണ്ടതാണ്.

പ്രതിമാസ വരവുചെലവുകൾ പ്രാഥമികമായി പരിശോധിച്ച് യഥാകാലം ആഭ്യന്തര ഓഡിറ്റ് നിർവ്വഹിയ്ക്കേണ്ട ഉത്തരവാദിത്വം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട് എന്ന് പഞ്ചായത്ത് രാജ് നിയമം നിഷ്കർഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തെ ശക്തിപ്പെടുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഈ വിധ പരിശോധനകൾ നിർണ്ണായകമാണ്. എന്നാൽ ആ വിധമുള്ള പരിശോധന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ നടത്തിയതായി കാണുന്നില്ല.

# 1-10 വാർഷിക കണക്കിലെ അപാകതകൾ

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ ഉൾപ്പെട്ടിരിക്കുന്ന താഴെ പറയുന്ന ശീർഷകങ്ങൾക്ക് പ്രത്യേക ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ ഇല്ല.

| ശീർഷകം | വിവരണം |
|---|---|
| 320100121 | Centrally Sponsored Scheme - ICDS |
| 320100126 | Centrally Sponsored Scheme - PYCKA |
| 320100199 | Centrally Sponsored Scheme – Grants, Funds and contributions for specific purpose |
| 320400199 | Grants, Funds & Contributions for Specific purpose – other financial institutions. |
| 320700203 | Contributions for Joint Venture Projects (for revenue expenditure) – From village panchayats |
| 320700205 | Contributions for Joint Venture Projects (for revenue expenditure) – From district panchayats |
| 320800101 | Beneficiary Contributions |

മേൽപ്പറഞ്ഞവയിൽ പല ശീർഷകങ്ങളുടെയും ബാലൻസ് ഷീറ്റ്, രസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി 320700203 – Contributions for joint venture projects – from village panchayats, 320700205-Contributions for joint venture projects – from District panchayats എന്നീ ശീർഷകങ്ങളിലെ ചെലവുകൾ (2016-17-ലെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് + തൻവർഷം രസീറ്റ് & പേയ്മെന്റ്

പത്രിക പ്രകാരം ലഭിച്ച തുക – തൻവർഷ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ്) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I-6) പ്രകാരമുള്ള വരവ്/ചെലവുമായി പൊരുത്തപ്പെടുന്നില്ല. മേൽ പട്ടികയിലെ ശീർഷകങ്ങൾക്ക് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ മേൽ ശീർഷകങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7ൽ ഉൾപ്പെട്ടിരിക്കുന്ന ശീർഷകങ്ങളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(എ) പ്രകാരം Capital work in progress ആയി രേഖപ്പെടുത്തിയിരിക്കുന്നത് 70,24,603/- രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ പട്ടിക പ്രകാരം മൂലധന പ്രവൃത്തികൾക്കായി നൽകിയ പാർട്ട് ബിൽ തുക 28,52,055/- രൂപയാണ്. മറ്റേതെങ്കിലും മൂലധന പ്രവൃത്തികൾക്കായി പാർട്ട് ബിൽ തുക നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടില്ല. വ്യത്യാസം വന്നതിന്റെ കാരണം പഞ്ചായത്ത് വ്യക്തമാക്കിയിട്ടില്ല.

4. 2017-18 വർഷത്തിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തതും 2017-18 വർഷത്തിൽ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ താഴെ പറയുന്ന പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബാലൻസ് ഷീറ്റിൽ ആസ്തിയായി Advance to implementing agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|
| 111 | ചാത്തൻകുളങ്ങര പാടശേഖരത്തിൽ ഇലക്ട്രിക് ലൈനും മോട്ടോർ കണക്ഷനും | 84,250 |
| 142 | തൃപ്രയാർ സി.എച്ച്.സി.യിൽ വനിത വാർഡ് നിർമ്മാണം - പി.ഡബ്ല്യു.ഡി.ക്ക് ഫണ്ട് കൈമാറൽ | 37,13,200 |
| 128 | ചാലാടി പഴക്കോൾ വൈദ്യുതീകരണം | 12,52,949 |

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11ൽ ആസ്തികളുടെ ഡിപ്രീസിയേഷൻ (2937652) രൂപയാണ് കാണിച്ചിരിക്കുന്നത്. തുക കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യം കണക്കാക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നത്.

7. ഐ.എ.വൈ. പ്ലാൻ ഷെയർ എന്നയിനത്തിനായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പെരിങ്ങോട്ടുകര (അക്കൗണ്ട് നമ്പർ - 551002010010941) എന്ന അക്കൗണ്ടിൽ നിന്നും താഴെ പറയുന്ന ചെക്കുകൾ 2013 വർഷത്തിൽ നൽകിയതായി 2017-18 വർഷത്തെ റീകൺസീലിയേഷൻ പത്രികയിൽ കാണുന്നു.

| ചെക്ക് നമ്പർ | തുക |
|---|---|
| 795077 | 20,000/- |
| 795124 | 20,000/- |
| 795266 | 20,000/- |
| 795322 | 20,000/- |
| ആകെ | -------------<br>80,000/-<br>======= |

മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞതിനാൽ liability in respect of stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റുകയും ചെലവുകൾ പരിശോധിച്ച് കാലഹരണപ്പെട്ടവ അതാത് ശീർഷകങ്ങളിൽ വരുമാനമായി എടുക്കേണ്ടതുമാണ്.

8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 62 2 എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 55,89,627/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by operating + investing + financing activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (75,76,208/-) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വനിതാ കാന്റീൻ നടത്തിയിരുന്ന വജ്രം സ്വയം സഹായ സംഘം 2017 ഏപ്രിൽ മാസത്തെ വാടകയായ 1,375/- രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. സംഘം സെക്രട്ടറിയായ ഭായി ബാലൻ, നടുപറമ്പിൽ വീട്, ചാഴൂർ (പി.ഓ) പ്രസിഡണ്ട് ബിബി മണികണ്ഠൻ, കുറ്റി വീട്, ചാഴൂർ (പി.ഓ) എന്നിവരാണ് കരാറിലേർപ്പെട്ടിരുന്നത്. ഇവരിൽ നിന്നും ഡെപ്പോസിറ്റ് തുക സ്വീകരിച്ചിരുന്നില്ല. 2017 മെയ് മാസം മുതൽ മറ്റൊരു സംഘമാണ് കാന്റീൻ നടത്തുന്നത്. മേൽ സംഘത്തിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ടെണ്ടർ ഫീസ് മുഴുവനും ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഇതിൽ 2014-15,2015-16 വർഷങ്ങളിലേയും 2016-17 വർഷത്തെ രണ്ട് എം.പി. പ്രവൃത്തികളുടേയും ടെണ്ടർ ഫീസ് ഇനത്തിൽ 81300 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. 2016-17,2017-18,2018-19 എന്നീ വർഷങ്ങളിലെ എം.പി.ഫണ്ടിന്റേയും പ്ലാൻ ഫണ്ടിലെ പ്രവൃത്തികളുടേയും ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 82894 രൂപ കൂടി ലഭിക്കാനുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മേൽ തുക കൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലൈഫ് പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിക്കണം.

ലൈഫ് ഒന്നാം ഘട്ടം പദ്ധതിയിലുൾപ്പെടുത്തി അന്തിക്കാട്, അരിമ്പൂർ ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സംയുക്ത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി താഴെ കാണും പ്രകാരം തുക വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ പേര് | തുക | ബിൽ നം./ തിയതി | തുക കൈപറ്റിയ ഗ്രാമപഞ്ചായത്ത് | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 135/18ലൈഫ് (ജനറൽ) | 3,00,000 | 68/17-18/ 12.3.18 | അരിമ്പൂർ | എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 138/18ലൈഫ് (എസ്.സി.) | 6,73,968 | 43/17-18/ 14.2.18 | അന്തിക്കാട് | കൈപറ്റിയ തുകയിൽ 2,45,368/- രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| ആകെ | | 12,40,968 | | | |

നൽകിയ തുക പൂർണമായി ചെലവഴിച്ചതായോ, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകിയതായോ കാണുന്നില്ല. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റേയും തുക വിനിയോഗിച്ചതിന്റേയും സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 ലൈഫ് ഒന്നാം ഘട്ടം - ഐ.എ.വൈ ഭവനങ്ങളുടെ പൂർത്തീകരണം-ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹം-പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

2001-02 സാമ്പത്തിക വർഷം മുതൽ നിർമ്മാണം ആരംഭിച്ചതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ ഐ.എ.വൈ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ പ്രോജക്ടുകൾ നടപ്പാക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഐ.എ.വൈ. പദ്ധതിയിലുൾപെട്ട പൂർത്തീകരിക്കാനുള്ള 111 വീടുകളെ നിർണ്ണയിക്കുകയും ഗുണഭോക്താക്കളുടെ യോഗം ചേർന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചതിന്റെയും ഭാഗമായി നാളിതുവരെ 98 വീടുകൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ആകെയുള്ള 111 വീടുകളിൽ 101ഗുണഭോക്താക്കളാണ് ഭവന നിർമ്മാണം നടത്തുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചത്. ഇതിൽ 3 ഗുണഭോക്താക്കളുടേത് ഒഴികെയുള്ള വീടുകളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചത് ഗുണപരമായ നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. ബാക്കിയുള്ള മൂന്ന് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വീട്ടു പണി പൂർത്തീകരിക്കുന്നതിനായി തുക വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം താഴെ ചേർക്കുന്നു.

| പദ്ധതി | | പ്ലാൻ | ഗ്രാമപഞ്ചായത്ത് | ജില്ലാപഞ്ചായത്ത് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| ലൈഫ് എസ്.സി 132/18 | വകയിരുത്തിയത് | 9767000 | 840352 | 3000000 | 2500000 | 16107352 |
| | ചെലവഴിച്ചത് | 8207986 | 840352 | 1920483 | 885898 | 11874519 |
| ലൈഫ് ജനറൽ 135/18 | വകയിരുത്തിയത് | 2049252 | 420000 | 1500000 | 250000 | 4219252 |
| | ചെലവഴിച്ചത് | 2019252 | 245000 | 352166 | 250000 | 2896418 |

അതേ സമയം ഭവനം പൂർത്തീകരിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിക്കാത്ത 10 ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി വഴി തുക തിരിച്ചു പിടിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നതായി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും തിരിച്ചു പിടിക്കാനുള്ള തുക ബ്ലോക്ക് പഞ്ചായത്ത് കണക്കാക്കിയിതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വർഷം | പേര് | പഞ്ചായത്ത് | തുകനൽകിയത് | പലിശ കണക്കാക്കിയത് | ആകെ | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| 1 | 2011-12 | ഭാരതി മണികണ്ഠൻ | അന്തിക്കാട് | 65750 | 47340 | 113090 | ജനൽ പൊക്കം |
| 2 | 2011-12 | കുമാരിരവീന്ദ്രനാഥ് | അന്തിക്കാട് | 40000 | 26400 | 66400 | ജനൽ പൊക്കം |
| 3 | 2012-13 | പുഷ്പഅശോകൻ | അരിമ്പൂർ | 10000 | 6800 | 16800 | അഡ്വാൻസ് |
| 4 | 2012-13 | മണി മോഹനൻ | അരിമ്പൂർ | 25000 | 15000 | 40000 | അഡ്വാൻസ് |
| 5 | 2012-13 | ശാരദാ ചന്ദ്രൻ | അന്തിക്കാട് | 10000 | 6000 | 16000 | അഡ്വാൻസ് |
| 6 | 2012-13 | അൽഫോൺസാ റാഫേൽ | ചാഴൂർ | 10000 | 6000 | 16000 | അഡ്വാൻസ് |
| 7 | 2014-15 | രുഗ്മിണി കേശവൻ | താന്ന്യം | 20000 | 3400 | 23400 | അഡ്വാൻസ് |
| 8 | 2015-16 | രാജൻ ഗണപതി | അന്തിക്കാട് | 17500 | 4200 | 21700 | തറ പണി |
| 9 | 2015-16 | അനിതാ മേരിജോയ് | മണലൂർ | 17500 | 5075 | 22575 | അഡ്വാൻസ് |
| 10 | 2015-16 | ഉഷാ റഷീദ് | അന്തിക്കാട് | 17500 | 4900 | 22400 | അഡ്വാൻസ് |
| ആകെ | | | | 233250 | 125115 | 358365 | |

ലൈഫ് ഒന്നാം ഘട്ടത്തിലുൾപെടുത്തി വീടുപണി പൂർത്തീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് രൂപീകരിച്ച സ്പിൽ ഓവർ പ്രോജക്ട് 2018-19 വർഷത്തിൽ നിലവിലുണ്ട്. ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി നടത്തി തുക തിരികെ ഈടാക്കുന്നതിനു പകരമായി വീടുപണി പൂർത്തീകരിക്കാത്ത മുഴുവൻ ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകി 100% വീടുകളും പൂർത്തീകരിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതും ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതുമാണ്.

# 3-3 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ മോട്ടോർ വാങ്ങൽ പദ്ധതി- സംബന്ധിച്ച്.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം.63/18 പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യവികസനം പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പെടുന്ന നാല് പാടശേഖരങ്ങളിലേക്ക് മോട്ടോർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിന് ബിൽ നം. 5/17-18/7.3.18 പ്രകാരം 471216 രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ അരിമ്പൂർ എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം ട്രാൻസ്പോർട്ടേഷൻ, ഇൻസ്റ്റലേഷൻ, ലോഡിംഗ്& അൺലോഡിംഗ് എന്നിവയുൾപെടെയാണ് ക്വട്ടേഷൻ അംഗീകരിച്ച് 3.1.18 തിയതിയിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെയ്കോയുമായി കരാറിൽ ഏർപെട്ടു കാണുന്നത്. വാരിയം പടവ്, മാഞ്ചിറ, കരുവാംകുളം എന്നീ പാടശേഖരങ്ങളിലേക്ക് 10 എച്ച്.പി. മോട്ടോറും, കുറുമ്പിലാവ് പാടശേഖരത്തിലേക്ക് 15 എച്ച്.പി. മോട്ടോറും അനുബന്ധ ഉപകരണങ്ങളുമാണ് വാങ്ങി നൽകി കാണുന്നത്. മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 3.1.18 ൽ കെയ്കോയുമായി കരാറിൽ ഏർപെട്ടു കാണുന്നുണ്ടെങ്കിലും ടെണ്ടർ കൂടാതെ കെയ്കോയിൽ നിന്നും നേരിട്ട് മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 12.2.18 ലെ ഭരണ സമിതി 7(1) നമ്പറായി തീരുമാനമെടുത്തതായാണ് കാണുന്നത്. ഇതിൽ നിന്നും കരാറിൽ ഏർപെട്ടതിനുശേഷമാണ് ടെണ്ടർകൂടാതെ ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തതായി കാണുന്നത്.

1.11.17 ലെ സ.ഉ.(സാ) നം. 3510/17 പ്രകാരം പെട്ടിയും പറയും വാങ്ങുന്ന പദ്ധതിയിൽ മോട്ടോർ കൂടി ഉൾപെടുത്തി സി.സി.തീരുമാനമെടുത്തുകാണുന്നു. എന്നാൽ 3.4.17ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)80/17 ഖണ്ഡിക.8.1.8 പ്രകാരം നെൽകൃഷിക്കുള്ള ജലസേചന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ നഗരസഭാ സ്ഥാപനങ്ങൾ എന്നിവ മാത്രം നടപ്പാക്കിയാൽ മതിയെന്നും ആവശ്യമെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കാമെന്നുമാണ് നിർദ്ദേശിച്ചു കാണുന്നത്. ടി ഉത്തരവിലെ കുറിപ്പ് 6 പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്തേണ്ടത് ഗ്രാമപഞ്ചായത്ത് ആണ് എന്നു വ്യക്തമാക്കിയിട്ടുണ്ട്. ടി നിർദ്ദേശം പാലിച്ചു കാണുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകളിലായി 2600 ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്യുന്നതായും ഈ കാർഷിക മേഖലയിൽ 54 സജീവമായ പാടശേഖരങ്ങൾ ഉള്ളതായും ഇതിൽ ഇവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകാനുള്ള സാമ്പത്തിക ശേഷി ഗ്രാമപഞ്ചായത്തുകൾക്ക് ഇല്ലാത്തതിനാലാണ് കൂടുതൽ കഷ്ടപാട് അനുഭവിക്കുന്ന പാടശേഖരങ്ങൾ പ്രത്യേകം തെരഞ്ഞെടുത്ത് ബ്ലോക്ക് പഞ്ചായത്ത് ആനുകൂല്യം നൽകിയതായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ മേൽ പാടശേഖര സമിതികളെ ആനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായില്ല. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ വഴിയോ, ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ ഗുണഭോക്തൃപാടശേഖരങ്ങളെ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തുകൾ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കി തുക വകയിരുത്തിയോ അല്ല ഇത്തരത്തിൽ പ്രോജക്ട് നിർവ്വഹണം നടത്തിയത് എന്നത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ തുടർ വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കേണ്ട സാഹചര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചതിന്റെ കെയ്കോയുടെ റിപ്പോർട്ട് പാടശേഖര സമിതിയുടെ സാക്ഷ്യപത്രം, പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | തുക | ബിൽ നം./ തിയതി | തുക കൈപറ്റിയ ഗ്രാമപഞ്ചായത്ത് | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 126/18 നെൽവിത്തിന് സബ്സിഡി | 1,00,000 | 6/17-18/ 12.3.18 | ചാഴൂർ | വിനിയോഗ സാക്ഷ്യപത്രം,വിതരണ സ്റ്റേറ്റ്മെന്റ് എന്നിവഹാജരാക്കിയിട്ടില്ല. |
| | | 1,00,000 | 6/17-18/ 12.3.18 | | |
| | | 4,38,120 | 3/17-18/ 7.3.18 | അന്തിക്കാട് | |
| 2 | 127/17 നെൽ കൃഷിക്ക് | 2,25,000 | 2/17-18/ 31.1.18, | അന്തിക്കാട് | വിനിയോഗ സാക്ഷ്യപത്രം,വിതരണ |
| | | 1,00,000 | | മണലൂർ | |

| | | | | | |
|---|---|---|---|---|---|
| | ക്ലളി ചെലവ് | 1,00,000 | 4/17-18/<br>7.3.18 | | സ്റ്റേറ്റ്മെന്റ് എന്നിവഹാജരാക്കിയിട്ടില്ല. |

മേൽ പ്രകാരം നടപ്പാക്കിയ വിവിധ പദ്ധതികളിൽ വിതരണ സ്റ്റേറ്റ്മെന്റുകൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. നെൽ കൃഷി കൂലി ചെലവിനായി അന്തിക്കാട് ഗ്രാമപഞ്ചായത്തിന് 2,25,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും കൃഷി ഓഫീസർ നൽകിയ പത്രിക പ്രകാരം 2,20,387/- രൂപയാണ് ചെലവായി കാണുന്നത്. വ്യത്യാസം വന്ന 4,613/- രൂപ സംബന്ധിച്ച വിവരം ലഭ്യമല്ല. ടി തുക വിതരണം ചെയ്തിട്ടില്ലായെങ്കിൽ ഉത്തരവാദിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രൊജക്ട് നം.25/17-18, പട്ടികജാതി യുവജനങ്ങൾക്ക് വിദേശ തൊഴിലിന് ധനസഹായം. ചെലവ് തുക – 7,20,000/- രൂപ

പ്രൊജക്ട് നം.139/17-18, പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്. ചെലവ് തുക – 1,80,000/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ.

ഈ രണ്ട് പദ്ധതികളിലേയും ഗുണഭോക്താക്കൾ നേരിട്ട് ബ്ലോക്ക് പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് അയച്ച് കൊടുത്ത് ഭരണസമിതി അംഗീകാരം ലഭ്യമാക്കിയതിന് ശേഷം ഗുണഭോക്താക്കൾക്ക് തുക നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ച് കാണുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നിലവിലില്ല എന്നാണ് മുഴുവൻ ഗ്രാമപഞ്ചായത്തുകളും ആദ്യം അറിയിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ തീയതി 03/04/2017 ഖ.11.8.3 ന് താഴെയുള്ള കുറിപ്പ് പ്രകാരം ഗ്രാമസഭ അംഗീകരിച്ചതും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാവൂ എന്നും ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളാണ് ആനുകൂല്യം നൽകുന്നതെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകളൊന്നും പാലിച്ച കാണുന്നില്ല. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിന് നിഷ്കർഷ പുലർത്തേണ്ടതാണ്.

# 3-6 ചെലവ് രേഖ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം. 42/17-18, ബഡ്സ് സ്കൂൾ ആവർത്തന ചെലവുകൾ, ചെലവ് തുക – 1,80,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – ശിശു വികസന പദ്ധതി ഓഫീസർ

ട്രഷറി ബിൽ നം. 8/17-18, തീ. 27/11/17 പ്രകാരം 26,500/- രൂപ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് റീളപ്പ് ചെയ്ത് നൽകിയതായി കാണുന്നു. എന്നാൽ ഈ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈ തുക (26,500/-) തടസ്സപ്പെടുത്തുന്നു.

# 3-7 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

പ്രൊജക്ട് നം. 9/17-18, അന്തിക്കാട് സി.എച്ച്.സി ഫാർമസി ശീതീകരണം. അടങ്കൽ തുക – 2,65,000/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സ്.എച്ച്.സി

ട്രഷറി ബിൽ നം. 2/17-18 തീ. 17.11.17 പ്രകാരം 2,65,000/- രൂപയും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 19.12.17ന് 31,347/- രൂപ അഡീഷണൽ ചാർജ്ജായും ഡെപ്പോസിറ്റ് വർക്കിനായി പി.ഡബ്ല്യൂ.ഡി ക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ പി.ഡബ്ല്യൂ.ഡി യുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. ഫൈനൽ ബില്ലിന്റെ പകർപ്പ്, കൈപ്പറ്റ് രശീതി, ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

# 3-8 കേരളോത്സവം 2017 – അനുവദനീയമായതിലും കൂടുതൽ തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
ചെലവ് - വിശദാംശങ്ങൾ

എ) പദ്ധതി : കേരളോത്സവം, S0001/18

അടങ്കൽ : 1,10,000/- (1,10,000/- വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് : 1,10,000/-

ട്രഷറി ബിൽ : 1713146303210117 9087 dt. 20.03.18(തുക – 10,000/-)

1713146303210073 2525 dt. 09.01.18 (തുക – 1,00,000/-)

(പ്ലാൻ ഫണ്ട് തനത് ഫണ്ടിൽ നിന്നും മുൻകൂർ കൈപ്പറ്റിയ തുക റീക്കൂപ്പ് ചെയ്യുന്നതിന് വിനിയോഗിച്ചു)

ബി) തനത് ഫണ്ട്

വൗച്ചർ നമ്പർ : 90/17-18 dt. 19.10.17 – 25,000/-

93/17-18 dt. 23.10.17- 50,000/-

94/10-17 dt. 25.10.17- 25,000/-

102/17-18 dt. 30.10.17 – 30,000/-

ചെക്ക് നമ്പർ : 176728 dt. 18.12.17- 30,000/- (ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല, അഡ്വാൻസ് രജിസ്റ്ററിൽ 15,000/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്).

i) സ.ഉ.(സാധാ) നം. 2160/2017/തസ്വഭവ തി. 28.06.17 പ്രകാരം 2017 കേരളോത്സവം ചെലവുകൾക്കായി 1,10,000/- രൂപയാണ് ബ്ലോക്ക് പഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്ന പരമാവധി തുക. ഇതിന് പുറമേ യുവജനക്ഷേമബോർഡിൽ നിന്നും ലഭ്യമാവുന്ന ഗ്രാന്റ് തുകയും ചെലവഴിക്കാവുന്നതാണ്. 2017 വർഷത്തേക്ക് ലഭ്യമായ ഗ്രാന്റ് തുക 35,000/- രൂപയാണ്. ആയത് 27.04.18 ന് ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് ഓഫ് ഇന്ത്യ, കണ്ടശ്ശാംകടവ് ശാഖയിലുള്ള 855210100003132 നമ്പർ അക്കൗണ്ടിലേക്ക് (IAY പഞ്ചായത്ത് കോൺട്രിബ്യൂഷൻ അക്കൗണ്ട്) വരവ് വന്നിട്ടുണ്ട്. ആയതിനാൽ 2017 വർഷം കേരളോത്സവത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 1,45,000/- രൂപയാണ്. എന്നാൽ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. അബ്ദുൽ ജലാൽ നൽകിയ കണക്കുകൾ പ്രകാരം ടിയാൻ 1,60,000/- രൂപ മുൻകൂർ ആയി കൈപ്പറ്റുകയും 1,57,927/- രൂപ ചെലവഴിച്ച് 2,073/- രൂപ (രസീത് നമ്പർ : 1363438) പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം, പരിധി കവിഞ്ഞ് 12,927/- രൂപ തനത് ഫണ്ടിൽ നിന്നും അധികം ചെലവഴിച്ചതായി കാണുന്നു. ഇക്കാര്യം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 01/16.01.2019 ന് നൽകിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.12.2017 ലെ 13-ാം നമ്പർ തീരുമാനപ്രകാരമാണ് അധികതുക ചെലവഴിച്ചതെന്നും പ്രസ്തുതയോഗത്തിൽ സെക്രട്ടറി തന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും 2003 ലെ കേരള പഞ്ചായത്ത് രാജ് നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമം ചട്ടങ്ങൾ, ചട്ടം 4 പ്രകാരമുള്ള തുടർനടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആയതിനാൽ, 12,927/- രൂപയുടെ അധികചെലവ് തടസ്സപ്പെടുത്തുന്നു.

ii) യുവജനക്ഷേമബോർഡിൽ നിന്നും ലഭിച്ച 35,000/- രൂപ നിലവിൽ IAY അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയത് ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടതാണ്.

# 3-9 തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുക റീകൂപ്പ് ചെയ്യേണ്ടതാണ്

എ) ജിഎച്ച്.എസ്.എസ് പെരിങ്ങോട്ടുകര ക്ലാസ്സ് റൂം നിർമ്മാണത്തിനായി മണ്ണുപരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവ നടത്തിയ വകയിൽ തൃശ്ശൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിലെ തുടർ വിദ്യാഭ്യാസകേന്ദ്രത്തിന് 75,000/- രൂപ നൽകിയിട്ടുണ്ട്. ആയതിൽ, 30,000/- രൂപ പ്രസ്തുത പ്രവൃത്തിക്ക് ശ്രീ.സി.എൻ.ജയദേവൻ, എം.പിയുടെ ഫണ്ടിൽ നിന്നും അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും എടുക്കാവുന്നതാണെന്ന് സ്കൂൾ പ്രധാനാധ്യാപികയുടെ 04.12.2017 ലെ 82/17-18 നമ്പർ കത്തിൽ പറഞ്ഞിട്ടുണ്ട്. ടി ഫണ്ട് ലഭ്യമാവുന്ന മുറക്ക് 30,000/- രൂപ റീക്കൂപ്പ് ചെയ്യാവുന്നതാണെന്ന വ്യവസ്ഥയോടെയാണ് ബ്ലോക്ക് പഞ്ചായത്ത് 75,000/- രൂപ നൽകിയിട്ടുള്ളത്.

ബി) പ്രേരക് മാർക്ക് ഓണറേറിയം

സെക്രട്ടറിയുടെ ജി.ഇ.ഒ/63/17 തി. 19.06.17 നമ്പർ നടപടിക്രമം പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ പ്രേരക് മാരായ ശ്രീമതി. ടി.ആർ. ഷീല, ശ്രീമതി. ശാലിനി എൻ.ആർ എന്നിവർക്ക് 2017 മാർച്ച് മാസത്തെ ഓണറേറിയം 15,000/- രൂപ വീതം ആകെ 30,000/- രൂപ (വൗച്ചർ നമ്പർ 36/17-18 തി. 23.06.17) തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സംസ്ഥാനസാക്ഷരതമിഷനിൽ നിന്നും ഫണ്ട് ലഭ്യമാവുന്ന മുറക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയിലാണ് തുക അനുവദിച്ചത്.

മേൽസൂചിപ്പിച്ച ഫണ്ടുകൾ ലഭ്യമാവുന്ന മുറക്ക് തുക റീക്കൂപ്പ് ചെയ്യേണ്ടതാണ്.

# 3-10 സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ പട്ടികയിൽ പരാമർശിച്ച രേഖ ഹാജരാക്കേണ്ടതാണ്.

| പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് വിവരങ്ങൾ | രേഖ |
|---|---|---|---|
| മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം പഞ്ചായത്തു കൾക്ക് വിഹിതം നൽകൽ, S0108/18 | 15,00,000/- വികസന ഫണ്ട് പൊതുവിഭാഗം | 17131463032100947861 dt. 14.02.18 (2,00,000/-), 17131463032101009962 dt. 17.02.18 (12,00,000/-), 17131463032101125792 dt. 12.03.18 (1,00,000/-) | മണലൂർ ഗ്രാമപഞ്ചായത്തിനും (2,00,000/-) അന്തിക്കാട് ഗ്രാമപഞ്ചായത്തിനും (13,00,000/-) കൈമാറിയ തുകക്കുള്ള വിനിയോഗസാക്ഷ്യപത്രം. |
| ചാത്തൻകുളങ്ങര പാടശേഖരത്തിൽ ഇലക്ട്രിക്ക് ലൈൻ വലിക്കലും മോട്ടോറിന് കണക്ഷൻ നൽകലും, S0111/18 | 1,00,000/- വികസന ഫണ്ട് പൊതുവിഭാഗം | 17131463032100665963 dt. 17.11.17, 84,250/- | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ വെസ്റ്റിന് കൈമാറിയ തുകക്ക് വിനിയോഗസാക്ഷ്യപത്രം. |
| ചാലാഴി പഴക്കോൾ ഇലക്ട്രിഫിക്കേഷൻ, S0128/18 | 12,00,000/-, വികസന ഫണ്ട് പൊതുവിഭാഗം, 56,000/- (തനത് ഫണ്ട്) | 17131463032100581954 dt. 27.10.17 (12,00,000/-) 52949/- (തനത് ഫണ്ട് ചെലവ് വിവരങ്ങൾ ബിൽ രജിസ്റ്ററിൽ ലഭ്യമല്ല.) | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ വെസ്റ്റിന് കൈമാറിയ തുകക്ക് വിനിയോഗസാക്ഷ്യപത്രം, തനത് ഫണ്ട് ചെലവ് വിവരങ്ങൾ |
| തൃപ്രയാർ സാമൂഹികാരോഗ്യകേന്ദ്രത്തിലെ പുതിയ കെട്ടിടത്തിന് മുകളിൽ വനിതാവാർഡ് നിർമ്മാണം, S0142/18 | 3713200/- വികസനഫണ്ട് പൊതുവിഭാഗം | 17131463032100984129 dt. 17.02.18, 37,13,200/- | പി.ഡബ്ല്യു.ഡി, ബിൽഡിംഗ്സ് ഡിവിഷൻ, തൃശ്ശൂരിന് കൈമാറിയ തുകക്കുള്ള വിനിയോഗസാക്ഷ്യപത്രം |

# 3-11 കമ്പ്യൂട്ടർ വാങ്ങൽ-- ടെണ്ടർ നടപടികളിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്

പദ്ധതി : കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, S0036/18

അടങ്കൽ : 2,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് : 1,94,760/-

ട്രഷറി ബിൽ : 17131463032100507054 dt. 28.09.17

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള മേൽ പദ്ധതിയിൽ ടെണ്ടർ ക്ഷണിച്ചതുപ്രകാരം കോർപ്പറേറ്റ് ബിസിനസ് സൊല്യൂഷൻ, തൃശ്ശൂർ എന്ന സ്ഥാപനം സമർപ്പിച്ച ഒരു

കമ്പ്യൂട്ടറിന് 48,690/- എന്ന നിരക്ക് അംഗീകരിച്ചിട്ടുണ്ട്. മോംഗർബോക്സ് ട്രേഡ്, വൈറ്റില എന്ന സ്ഥാപനം 35,518/- (ഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം), 39,884/-(വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം) എന്നീ നിരക്കുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും അംഗീകരിച്ചിട്ടില്ല.

മേൽപറഞ്ഞ രണ്ടു സ്ഥാപനങ്ങളും സമർപ്പിച്ച ടെണ്ടർ പ്രകാരമുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | മോംഗർബോക്സ് ട്രേഡ് | മോംഗർബോക്സ് ട്രേഡ് | കോർപ്പറേറ്റ് ബിസിനസ് സൊല്യൂഷൻ |
|---|---|---|---|
| ബ്രാൻഡ് | ACER | ACER | ACER |
| പ്രൊസസ്സർ | Core i5 | Core i5 | Intel Core i5 $6^{th}$ Gen |
| ഓപ്പറേറ്റിംഗ് സിസ്റ്റം | DOS | Windows 10 | Windows 10 professional |
| RAM | 4GB | 4 GB | 4 GB |
| ROM / HDD | 1TB | 1 TB | 1 TB |
| മോണിറ്റർ | 18.5 inch TFT | 18.5 inch TFT | 18.5 inch |
| കീബോർഡ് | ഉൾപ്പെടുന്നു | ഉൾപ്പെടുന്നു | ഉൾപ്പെടുന്നു |
| മൗസ് | ഉൾപ്പെടുന്നു | ഉൾപ്പെടുന്നു | ഉൾപ്പെടുന്നു |
| ഡിവിഡി ഡ്രൈവ് | ഉൾപ്പെടുന്നു | ഉൾപ്പെടുന്നു | DVD RW |
| വാറന്റി | 3 വർഷം | 3 വർഷം | 3 വർഷം |
| വില | **35518/-** | **39884/-** | **48690/- (നികുതികളുൾപ്പെടെ)** |

മേൽപട്ടിക പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് മോംഗർബോക്സ് എന്ന സ്ഥാപനമാണ്. ടി നിരക്ക് അംഗീകരിക്കാതെ കോർപ്പറേറ്റ് ബിസിനസ് സൊല്യൂഷൻ സമർപ്പിച്ച നിരക്ക് അംഗീകരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (17/ 17.01.19) നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ ടെണ്ടർ സ്പെസിഫിക്കേഷനിൽ ഓപ്പറേറ്റിംഗ് സിസ്റ്റം വിൻഡോസ് 10 Professional എന്നാണ് രേഖപ്പെടുത്തിയിരുന്നതെന്നും മോംഗർബോക്സ് സമർപ്പിച്ച ടെണ്ടറിൽ വിൻഡോസ് 10 എന്ന് മാത്രമേ രേഖപ്പെടുത്തിയുള്ളൂവെന്നും വിശദീകരിച്ചിട്ടുണ്ട്. ഓപ്പറേറ്റിംഗ് സിസ്റ്റം ഏതാണെന്ന കാര്യത്തിൽ സംശയനിവാരണം വരുത്താതെ ടെണ്ടർ നിരസിച്ചത് ശരിയായ നടപടിയല്ല. തുടർവർഷങ്ങളിലെ പദ്ധതിനിർവ്വഹണത്തിൽ ഈ വിഷയത്തിൽ ആവശ്യമായ സൂക്ഷ്മത പുലർത്തേണ്ടതാണ്.

# 3-12 വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പാക്കിയത് | നടപ്പാക്കിയതിന്റെ ശതമാനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 22 | 18 | 82 | 16085357 | 9259516 | 58 |
| അസി.എഞ്ചിനീയർ | 12 | 8 | 67 | 9585912 | 2724206 | 28 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നിവർ യഥാക്രമം 82%, 67% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. വകയിരുത്തിയ ഫണ്ടിന്റെ വിനിയോഗശതമാനം യഥാക്രമം 58%, 28% എന്നിങ്ങനെയാണ്.

കുറഞ്ഞ ഫണ്ട് വിനിയോഗം സംബന്ധിച്ച് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ ഭൂരിഭാഗം പ്രവൃത്തികളും ടെണ്ടർ, റീടെണ്ടർ എന്നിവ നടത്തിയിട്ടും കരാറുകാർ ഏറ്റെടുക്കാത്തതും കോൾപടവുകളിൽ സീസണലായി മാത്രമേ പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ എന്നതും പൂർത്തീകരിച്ച പല പ്രവൃത്തികൾക്കും ഫണ്ടിന്റെ അപര്യാപ്തത മൂലം അലോട്ട്മെന്റ് ലഭിക്കാത്തതും കാരണമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. വരും വർഷങ്ങളിൽ ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യുവാനാവശ്യമായ നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് വികസനപ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ ശ്രമിക്കേണ്ടതാണ്.

# 3-13 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശഭരണവകുപ്പിന്റെ 29.3.2017 ലെ ജി.ഒ.(എം.എസ്.) നം.72/2017 (2017-18 ലെ പ്രൊജക്ടുകൾക്ക് ബാധകം) ലെ ഖണ്ഡിക 12.10(5), 11.1.2016 ലെ ജി.ഒ.(എം.എസ്.) നം.4/2107 (2016-17 ലെ പ്രൊജക്ടുകൾക്ക് ബാധകം) ലെ ഖണ്ഡിക 11.15(V) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ പ്രൊജക്ട് ഏറ്റെടുക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാൻമന്ത്രി ആവാസ് യോജന/ഐ.എ.വൈ. എന്നിവക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

3. 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് ആയിരിക്കണം.

എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രമോ, പ്രധാൻമന്ത്രി ആവാസ് യോജന/ഐ.എ.വൈ. എന്നിവക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രമോ, 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് ആയിരിക്കണമെന്നതിന് ഗ്രാമപഞ്ചായത്തിന്റെ ബന്ധപ്പെട്ട ആസ്തി രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഇല്ലാതെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ നിർവ്വഹണഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിലുള്ള റോഡുകളിൽ പ്രൊജക്ടുകൾ ഏറ്റെടുത്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രൊജക്ട് നം/ പേര് | ചെലവഴിച്ച തുക | ഗ്രാമപഞ്ചായത്തിന്റെ പേര് | കുറിപ്പുകൾ |
|---|---|---|---|---|
| 1. | 138/18, ബോട്ട്കടവ് റോഡ് -പൊറത്തൂർ | ട്ര.ബി.നം 7/23.3.18; ₹599166 (പാർട്ട്ബിൽ) | ചാഴൂർ | 2017-18 ൽ ആരംഭിച്ചത് |
| 2. | 77/18, പുതുമനക്കര റോഡ് നിർമ്മാണം | ട.ബി.നം 13/28.6.17; ₹560332 | താന്ന്യം | 2016-17 ൽ ആരംഭിച്ചത് |
| 3. | 107/18, വില്ലേജ് ഓഫീസ്- റെജീന മെമ്മോറിയൽ റോഡ് | ട.ബി.നം 27/17.3.18; ₹406103 | ചാഴൂർ | 2016-17 ൽ ആരംഭിച്ചത്. പ്രൊജക്ടിന്റെ നിർവ്വഹണവേളയിൽ പ്രസ്തുത റോഡിന്റെ ടാറിംഗ്,കാന നിർമ്മാണം എന്നിവ എം.എൽ. എ. ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയിൽ ഉൾപ്പെട്ടതായി അറിയാനിടവരികയും ആയതിനാൽ ടാറിംഗ് പ്രവൃത്തികൾ ഒഴിവാക്കുകയും സംരക്ഷണഭിത്തി നിർമ്മാണം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കേണ്ടി വരികയും ചെയ്തു. |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-14 മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറക്ക് ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയറിൽ കാലികമാക്കിവരുന്നുണ്ടോയെന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമായില്ല.

2. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ 26.6 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ തയ്യാറാക്കിയിരിക്കുന്ന പ്രൊജക്ട് രജിസ്റ്റർ നിർവ്വഹണഉദ്യോഗസ്ഥനായ

അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 3-15 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചിരിക്കുന്നത്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 മോണിറ്ററിംഗ് നടത്തിയിട്ടില്ല

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച രീതിയിൽ മോണിട്ടറിംഗ് നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 6.6(5) യിൽ നിർമ്മാണപ്രവൃത്തികളുടെ പ്രധാന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബോർഡ് സ്ഥാപിക്കുന്നത് നിർവ്വഹണഘട്ടത്തിൽ ഒഴിവാക്കുകയോ എസ്റ്റിമേറ്റിൽ തുക വകയിരുത്താതിരിക്കുകയോ ചെയ്തിരിക്കുന്നു. പ്രവൃത്തിയിടങ്ങളിൽ നിർമ്മാണവിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിക്കാനുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | 3713200 | 0 | 3713200 |

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | തൃപ്രയാർ സി.എച്ച്.സി വനിതാവാർഡ് നിർമ്മാണം | | | | |
| കെ.എസ്.ഇ.ബി | ചാലാടി പഴംകോൾ ഇലക്ട്രിഫിക്കേഷൻ | | 1256000 | 0 | 1256000 |
| കെ.എസ്.ഇ.ബി | ചാത്തൻകുളങ്ങര പാടശേഖരത്തില് ഇലക്ട്രിക് ലൈൻ വലിക്കലും മോട്ടോറിന് കണക്ഷൻ നൽകലും | | 84250 | 0 | 84250 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,40,04,545 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,27,27,261 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,375 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39,427 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 26,500 | ശ്രീമതി.സിനി.കെ.എസ്,<br>ശിശു വികസന പദ്ധതി ഓഫീസർ |
| 3-8 | 12,927 | ശ്രീമതി.ജോളി വിജയൻ, സെക്രട്ടറി |
| ആകെ | 39,427 | |

**(സി)** <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

**(ഡി)** <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

**(ഇ)** <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | എൽ.എഫ്.ടി.15-1468/98/10.5.99 | |
| 1998-99 ചെലവ് | എൽ.എഫ്.ടി.15-1775/06/5.3.07 | |
| 1998-99വരവ് | എൽ.എഫ്.ടി.21-69/08/13.4.09 | |
| 1999-2000 | എൽ.എഫ്.ടി.21-70/08/13.4.09 | |
| 2000-01 | എൽ.എഫ്.ടി.21-71/08/13.4.09 | |
| 2001-02 | എൽ.എഫ്.ടി.21-72/08/13.4.09 | |
| 2002-03 | എൽ.എഫ്.ടി.21-73/08/13.4.09 | |
| 2003-04 | എൽ.എഫ്.ടി.21-75/08/13.4.09 | |
| 2004-05 | എൽ.എഫ്.ടി.(ബി.പി)385/11/ 17.9.11 | |
| 2005-06 | എൽ.എഫ്.ടി.(ബി.പി)386/11/ 17.9.11 | |
| 2006-07 | എൽ.എഫ്.ടി.(ബി.പി)387/11/ 17.9.11 | |
| 2007-08 | എൽ.എഫ്.ടി.(ബി.പി)388/11/ 17.9.11/15.10.13 | |
| 2008-09 to10-11 | എൽ.എഫ്.ടി.(ബി.പി)1475/12/ 15.2.13/26.03.13 | |
| 2011-12 | എൽ.എഫ്.ടി.(ബി.പി)229/13/ 15.4.13/3.8.13 | |
| 2012-13 | എൽ.എഫ്.ടി.(ബി.പി)1276/2014/ 10.10.14/12.11.14 | |
| 2013-14 | കെ എസ് എ ടി എസ് ആർ(ബിപി2)1683/2015 തീയതി 5.12.2015/7.1.2016 | |
| 2014-15,2015-16 | കെ എസ് എ ടി എസ് ആർ(ബിപി)772/17 തീയതി 27.5.2017 | |
| 2016-17 | കെ എസ് എ ടി എസ് ആർ(ബിപി1)1001/17 തീയതി 09.08.2017 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അന്തിക്കാട് ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| | |

| | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്